ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 06.11.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. കേരളത്തിലും ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം.

   **Election Campaigning intensifies in Jharkhand and Maharashtra. Electioneering is in full swing in Kerala.**

2. ബഹുരാഷ്ട്ര പ്രസക്തമായ തൊഴിലിടമായി മാറാനാണ് ഇന്ത്യയുടെ വിദേശനയം ലക്ഷ്യമിടുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **Preparing for a global workplace would be among the top three priorities for Indian foreign policy, says External Affairs Minister S. Jaisankar.**

3. അമേരിക്കൻ പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും യുഎസ് മുൻ പ്രസിഡൻറുമായ ഡോണൾഡ് ട്രംപിന് മുന്നേറ്റം.

   **Former US President and Republican candidate Donald Trump leads in the 2024 U.S. presidential race.**

4. കാസർഗോഡ് വെടിക്കെട്ട് അപകടത്തിലും, ഷൊർണൂർ റെയിൽവേ അപകടത്തിലും മരിച്ചവരുടെ കുടുംബങ്ങൾക്ക് ധനസഹായം പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ.

   **Kerala Cabinet announced exgratia for the families of the victims of Kasargod firecracker explosion and Shoranur train mishap.**

5. കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല.

   **Thiruvananthapuram district continues domination in Kerala School Sports Meet.**

6. ഐഎസ്എൽ ഫുട്ബോളിൽ എഫ് സി ഗോവ ഇന്ന് പഞ്ചാബ് എഫ് സിയെ നേരിടും.
**FC Goa will take on Punjab FC today in ISL Football.**

&&&&&&&&&&&&&&&&

## HEADLINE – 1
## CAMPAIGNING

ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിങ്ങ് ഇന്നലെ ഝാർഖണ്ഡിൽ പ്രചാരണ യോഗങ്ങളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, ഐ.എൻ.ഡി.ഐ സഖ്യത്തിന്റെ തിരഞ്ഞെടുപ്പ് റാലികളെ ഇന്നലെ അഭിസംബോധന ചെയ്തു. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടമായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മഹാരാഷ്ട്രയിൽ ഇന്ന് പ്രചാരണത്തിനെത്തും. നാഗ്പൂരിലും മുംബൈയിലും തിരഞ്ഞെടുപ്പ് റാലികളെ അദ്ദേഹം അഭിസംബോധന ചെയ്യും. പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ മുതൽ ഈ മാസം 14 വരെ മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കും. ഈ മാസം 20 ന് ഒറ്റഘട്ടമായാണ് മഹാരാഷ്ട്രയിൽ വോട്ടെടുപ്പ്.

&&&&&&&&&&&&&&&&

## HEADLINE – 1 (a)
## WAYANAD - BY-ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. വയനാട് മണ്ഡലത്തിലെ

എൽഡിഎഫ് സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണ കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യു. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഈ മാസം എട്ടിനും ഒൻപതിനും മൂന്നാംഘട്ട പ്രചാരണം നടത്തും. എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വരുംദിവസങ്ങളിൽ മണ്ഡലത്തിലെത്തും. ചേലക്കര, പാലക്കാട് ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണവും ശക്തമായി തുടരുകയാണ്. ഈ മാസം 13നാണ് വയനാട്, ചേലക്കര മണ്ഡലങ്ങളിൽ വോട്ടെടുപ്പ്. പാലക്കാട് വോട്ടെടുപ്പ് ഈ മാസം 20 ന് നടക്കും.

&&&&&&&&&&&&&&&&&

## HEADLINE – 2

## S JAISANKAR - INTRO

ബഹുരാഷ്ട്ര പ്രസക്തമായ തൊഴിലിടമായി മാറാനാണ് ഇന്ത്യയുടെ വിദേശനയം ലക്ഷ്യമിടുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ഇന്ത്യൻ വിദേശനയം ഊന്നൽ നൽകുന്ന മൂന്ന് പ്രധാന മേഖലകളിൽ ഒന്നാണ് ഗ്ലോബൽ വർക്ക് പ്ലെയ്സ് എന്ന ആശയമെന്നും അദ്ദേഹം പറഞ്ഞു. ഓസ്ട്രേലിയയിൽ റെയ്സിന അണ്ടർ ഡൗണിൻറെ ഭാഗമായി സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ലോകം കെട്ടിപ്പടുക്കാൻ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണമെന്നും അതിന് ആഗോളതല വിദ്യാഭ്യാസ സമ്പ്രദായം ആവശ്യമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE – 3
## US PREZ VOTING

അമേരിക്കൻ പ്രസിഡൻറ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും യുഎസ് മുൻ പ്രസിഡൻറുമായ ഡോണൾഡ് ട്രംപ് മുന്നിൽ. 266 ഇലക്ടറൽ വോട്ടുകൾ നേടി ട്രംപ് ലീഡ് ചെയ്യുന്നതായാണ് റിപ്പോർട്ടുകൾ. ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡൻറുമായ കമലാ ഹാരിസിന് 194 വോട്ടുകളാണ് നേടാനായതെന്നും അമേരിക്കൻ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്യുന്നു. നോർത്തൺ കരോലിന, കെൻടാക്കി, ഇന്ത്യാന, ഫ്ലോറിഡ എന്നിവിടങ്ങളിലാണ് ട്രംപിന് മേൽകൈ. വെമോണ്ട്, ന്യൂ മെക്സിക്കോ, മാസച്ചൂസറ്റ്, ന്യൂയോർക്ക് എന്നിവിടങ്ങളിലാണ് കമലാ ഹാരിസ് മുന്നിട്ടു നിൽക്കുന്നത്. 538 ഇലക്ടറൽ വോട്ടിൽ 270 വോട്ടുകളാണ് വിജയിക്കാൻ ആവശ്യം.

&&&&&&&&&&&&&&&&

## HEADLINE – 4
## KERALA CABINET

കാസർഗോഡ് നീലേശ്വരം അഞ്ഞൂറ്റമ്പലം വീരർകാവ് ഭഗവതി ക്ഷേത്രത്തിൽ കളിയാട്ടത്തിനിടെ പടക്കശേഖരത്തിന് തീപിടിച്ചുണ്ടായ അപകടത്തിൽ മരണപ്പെട്ട നാലുപേരുടെയും ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 4 ലക്ഷം രൂപ വീതം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. ഷൊർണ്ണൂർ റെയിൽവേ പാലത്തിൽ ശുചീകരണ പ്രവർത്തനത്തിനിടെ ട്രെയിൻ തട്ടി മരണപ്പെട്ട തമിഴ്നാട് സേലം സ്വദേശികളുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 3 ലക്ഷം

രൂപ വീതം അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&

## JK ASSEMBLY

ജമ്മുകശ്മീരിന് പ്രത്യേക പദവി നൽകണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ജമ്മു കശ്മീർ നിയമസഭ ഇന്ന് പാസാക്കി. ഉപമുഖ്യമന്ത്രി സുരീന്ദർ കുമാർ ചൗധരിയാണ് പ്രമേയം കൊണ്ടുവന്നത്. ജമ്മുകശ്മീരിൻറെ സംസ്കാരവും, സ്വത്വവും കാത്തുസൂക്ഷിക്കുന്നതിന് പ്രത്യേക പദവി ആവശ്യമാണെന്ന് പ്രമേയത്തിൽ ചൂണ്ടിക്കാട്ടുന്നു. പ്രതിപക്ഷ ബഹളത്തിനിടെയാണ് പ്രമേയം നിയമസഭ പാസാക്കിയത്.

&&&&&&&&&&&&&&&&

## NITI AAYOG - JAL UTSAV

നിതി ആയോഗ് സംഘടിപ്പിക്കുന്ന 15 ദിവസത്തെ ജൽ ഉത്സവിന് ഇന്ന് തുടക്കം. ജലവിനിയോഗം, സംരക്ഷണം, സുസ്ഥിരത എന്നിവയെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം വർദ്ധിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട 20 ജില്ലകളേയും ബ്ലോക്കുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഈ മാസം 24 വരെയാണ് ജൽ ഉത്സവ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&

## JK ENCOUNTER

ജമ്മുകശ്മീരിലെ കുപ്വാര ജില്ലയിൽ ഭീകരരും സുരക്ഷാ സേനയുമായി ഏറ്റുമുട്ടലുണ്ടായതായി റിപ്പോർട്ട്. ലോലാബ് മേഖലയിലെ വനത്തിൽ ഭീകരരുടെ സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരത്തിൻറെ

അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയ്ക്കിടെയായിരുന്നു ഏറ്റുമുട്ടൽ. പ്രദേശം സേനയും ജമ്മു പൊലീസും ഉൾപ്പെട്ട സംഘം ഇന്നലെ വൈകുന്നേരത്തോടെ വളഞ്ഞിരുന്നു. ജമ്മു കശ്മീരിലെ ബന്ദിപ്പോര ജില്ലയിലെ വനമേഖലയിലും സുരക്ഷാസേന ഒരു ഭീകരനെ വധിച്ചിരുന്നു. സുരക്ഷാ സേനയും പോലീസും സിആർപിഎഫും സംയുക്തമായി നടത്തിയ തെരച്ചിലിനിടെ, ഭീകരർ വെടിയുതിർക്കുകയായിരുന്നു. മേഖലയിൽ ഇപ്പോഴും ഏറ്റുമുട്ടൽ തുടരുകയാണെന്ന് സൈന്യം അറിയിച്ചു.

&&&&&&&&&&&&&&&&

## ISA-REPORT RELEASED INTRO

ആഗോള സൗരോർജ ക്ഷമത കഴിഞ്ഞ 23 വർഷത്തിനിടെ വലിയരീതിയിൽ വളർച്ച കൈവരിച്ചതായി വേൾഡ് സോളാർ മാർക്കറ്റ് റിപ്പോർട്ട്. 2000 ത്തിൽ 1.22 ജിഗാവാട്ട് ആയിരുന്ന സൗരോർജ ക്ഷമത 2023 ൽ 418 ജിഗാവാട്ട് ആയി വർധിച്ചതായി അന്താരാഷ്ട്ര സൗരസഖ്യത്തിന്റെ ന്യൂഡൽഹിയിൽ നടന്ന ഏഴാം സമ്മേളനത്തിൽ പുറത്തിറക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ആഗോള സൗര വളർച്ച, നിക്ഷേപ പ്രവണതകൾ, സാങ്കേതിക പുരോഗതി, ആഫിക്കയുടെ ഹരിത സാധ്യതകൾ എന്നിവയിലാണ് റിപ്പോർട്ട് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. ഇന്ത്യ നടപ്പാക്കിയ പിഎം സൂര്യ ഘർ പദ്ധതിയിൽ ലോകരാഷ്ട്രങ്ങൾ വളരെയേറെ താത്പര്യം പ്രകടിപ്പിക്കുന്നതായും, അന്താരാഷ്ട്ര സൗരസഖ്യത്തിൻറെ ഡയറക്ടർ ജനറൽ ഡോ അജയ് മാത്തൂർ പറഞ്ഞു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&

## SHARDA SINHA

പ്രശസ്ത ഗായിക ശാരദ സിൻഹയുടെ സംസ്കാരം ബിഹാറിലെ പട്നയിൽ നാളെ ഔദ്യോഗിക ബഹുമതികളോടെ നടക്കും. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ അറിയിച്ചതാണ് ഇക്കാര്യം. ഗംഗാ നദിക്കരയിലെ ഗുലാബി ഘട്ടിലായിരിക്കും സംസ്കാര ചടങ്ങുകൾ. ശാരദ സിൻഹയ്ക്ക് അന്ത്യാഞ്ജലി അർപ്പിക്കുന്നതിനായി കേന്ദ്രമന്ത്രി ജെ.പി നഡ്ഡ നാളെ ബിഹാറിലെത്തും. ഭോജ്പുരി, മൈഥിലി ഭാഷകളിലെ നാടോടി ഗാനങ്ങളിലൂടെ പ്രശസ്തയായ ശാരദ സിൻഹക്ക് രാജ്യം പത്മശ്രീ, പത്മഭൂഷൻ, സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്. ബിഹാർ കോകില എന്നറിയപ്പെട്ട ശാരദ സിൻഹയുടെ വിയോഗത്തിൽ രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

## HEADLINE – 5
## SPORTS MEET

കൊച്ചിയിൽ നടക്കുന്ന സംസ്ഥാന സ്കൂൾ കായിക മേളയിൽ വിജയക്കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല. 529 ഗെയിംസ് ഇനങ്ങളിലെ 285 മത്സരങ്ങൾ പൂർത്തിയായപ്പോൾ 702 പോയിന്റുകളാണ് തിരുവനന്തപുരം നേടിയത്. 381 പോയിന്റോടെ തൃശ്ശൂർ രണ്ടാം സ്ഥാനത്തും, 357 പോയിന്റോടെ കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. തിരുവനന്തപുരം സെൻറ് ജോസഫ് സ്കൂളും, വട്ടിയൂർകാവ് ഗവൺമെൻറ് V H S S -ഉം, കോട്ടൺഹിൽ ഗവൺമെൻറ് ഗേൾസ് H S S -മാണ് ഗെയിംസ് വിഭാഗത്തിൽ മുന്നിലുള്ളത്. അക്വാട്ടിക്സ്

മത്സര ഇനങ്ങളിലും 138 പോയിന്റുകളോടെ തിരുവനന്തപുരം ജില്ല ഒന്നാമതാണ്. ആതിഥേയരായ എറണാകുളം രണ്ടാമതും കോട്ടയം മൂന്നാമതുമാണ്. സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിലും തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 6

## ISL

ഐഎസ്എൽ ഫുട്ബോളിൽ എഫ് സി ഗോവ ഇന്ന് പഞ്ചാബ് എഫ് സിയെ നേരിടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

## CANADA PROTEST

കാനഡയിൽ ഹിന്ദു ക്ഷേത്രത്തിന് നേരെ ഉണ്ടായ ആക്രമണത്തിനെതിരെ പ്രതിഷേധവുമായി രാജ്യത്തെ ഇന്ത്യൻ സമൂഹം. ആയിരത്തിലേറെ ഇന്ത്യക്കാർ ഗ്രേറ്റർ ടൊറന്റോയിൽ ഇന്നലെ നടന്ന പ്രതിഷേധ പരിപാടിയിൽ പങ്കെടുത്തു. റോഡ് ഉപരോധിച്ച സംഘം വിഘടനവാദ സംഘടനകളുടെ ആക്രമണങ്ങളെ അപലപിച്ചു. പ്രതിഷേധക്കാരെ നീക്കുന്നതിനായി പ്രദേശത്ത് സായുധ പൊലീസിനെ വിന്യസിച്ചിരുന്നു.

&&&&&&&&&&&&&&&&

## ISRAEL DEFENCE MINISTER

ഇസ്രായേൽ പ്രതിരോധമന്ത്രി യോവ് ഗാലന്റിനെ പിരിച്ചുവിട്ട് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. പ്രതിരോധമന്ത്രിയോടുള്ള വിശ്വാസം നഷ്ടമായതാണ്

കാരണമെന്ന് നെതന്യാഹു വ്യക്തമാക്കി. വിദേശകാര്യമന്ത്രി ഇസ്രായേൽ കാറ്റ്സ് പ്രതിരോധമന്ത്രിയായി ചുമതലയേൽക്കും. യു എസ് പ്രസിഡൻഷ്യൽ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലുള്ള തീരുമാനത്തിന് അതീവ പ്രാധാന്യമാണുള്ളത്. ഗാസ, ലെബനോൻ സംഘർഷങ്ങളും, ഇറാൻറെ ഭാഗത്തുനിന്നുള്ള പ്രത്യാക്രമണ സാധ്യതകളും നടപടിയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു. പ്രതിരോധമന്ത്രിയെ പിരിച്ചുവിട്ട തീരുമാനം ഇസ്രയേലിലുടനീളം പ്രതിഷേധം ഉയർത്തിയിരിക്കുകയാണ്.

&&&&&&&&&&&&&&&&

## SPECIAL TRAINS-DELHI

ഛഠ് പൂജയോടനുബന്ധിച്ച് ഡൽഹിയിൽ നിന്ന് രാജ്യത്തിന്റെ കിഴക്കൻ മേഖലകളിലേക്ക് 25 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നു. ഈ മാസം 30 വരെ 7,000ത്തോളം പ്രത്യേക ട്രെയിനുകളാണ് സർവ്വീസ് നടത്തുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&